
# വലിയപറമ്പിൽ ശാഖ

മൂശാരിയേട്ടു പൈലോ കാരണവരുടെ മൂന്നാമത്തെ പുത്രനായ വർഗീസ് 1876ൽ ജനിച്ചു. വിദ്യാഭ്യാസാനന്തരം പൊതുക്കാര്യങ്ങളിലും പള്ളിക്കാര്യങ്ങളിലും കൃഷികാര്യങ്ങളിലും ശ്രദ്ധിച്ചിരുന്നു. വർഗീസ് ഇലഞ്ഞി ഇടവക കൊടുമ്പുറത്ത് ഔസേപ്പിന്റെ പുത്രി മറിയത്തെ വിവാഹം ചെയ്തു. വിവാഹാനന്തരം വർഗീസിനെ വലിയപറമ്പിൽപുരയിടത്തിലേക്കു മാറ്റിത്താമസിപ്പിച്ചു. ഒരു നല്ല കൃഷിക്കാരനും കഠിനാദ്ധ്വാനിയുമായിരുന്ന വർഗീസ് ധാരാളം ഭൂസ്വത്തുക്കൾ സ്വപരിശ്രമത്താൽ സമ്പാദിച്ചു. പാരമ്പര്യമായി കൈമാറിക്കിട്ടിയ ആയുർവ്വേദമർമ്മാണി ചികിത്സയിൽ സാമാന്യം പാണ്ഡിത്യമുണ്ടായിരുന്ന വർഗീസിനെ സമീപപ്രദേശങ്ങളിലുള്ളവർ ചികിത്സയ്ക്കായി സമീപിച്ചിരുന്നു. പൊതുക്കാര്യങ്ങളിലും വർഗീസ് ശ്രദ്ധിച്ചിരുന്നു. 6.6.1936 ൽ 60–ാം വയസ്സിൽ വർഗീസും 16.8.1968ൽ മറിയവും അന്തരിച്ചു. ഇരുവരും കൂടല്ലൂർപ്പള്ളി സെമിത്തേരിയിൽ അന്ത്യവിശ്രമം കൊള്ളുന്നു. വർഗീസ് – മറിയം ദമ്പതികൾക്ക് 6 പുത്രന്മാരും 3 പുത്രിമാരും മക്കളായുണ്ട്.



വലിയപറമ്പിൽ ശാഖാ കാരണവർ വർഗീസും ഭാര്യ മറിയവും

1. പൈലോ 2 ജോസഫ് (കുഞ്ഞേപ്പ്)
3 തോമസ് (തോമ്മാ) 4 ഏലിയാമ്മ (കുഞ്ഞുപെണ്ണ്)
5 സെബാസ്റ്റ്യൻ (ദേവസ്യാച്ചൻ) 6 മത്തായി (കുട്ടി)
7 വർക്കി (വക്കച്ചൻ) 8 അന്നമ്മ 9 റോസമ്മ

## 1. പൈലോ

വർഗീസിന്റെ മൂത്ത പുത്രനായ പൈലോ പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കിയശേഷം കൃഷികാര്യങ്ങളിൽ പിതാവിനെ സഹായിച്ചു വരവെ ഏറ്റുമാനൂരിൽ നിന്നു കുഞ്ഞേലിയെ വിവാഹം ചെയ്തു. സന്താനങ്ങൾ ഉണ്ടാകുന്നതിനുമുമ്പുതന്നെ പൈലോ മരിച്ചു. ഏറെക്കഴിയും മുമ്പേ കുഞ്ഞേലിയും മരിച്ചു.

## 2. ജോസഫ് (കുഞ്ഞേപ്പ്)

വർഗീസിന്റെ രണ്ടാമത്തെ പുത്രനായ കുഞ്ഞേപ്പ് എന്നു വിളിക്കുന്ന ജോസഫ് പ്രൈമറി വിദ്യാഭ്യാസം പൂർത്തിയാക്കിയ ശേഷം കൃഷികാര്യങ്ങളിൽ ശ്രദ്ധ പതിപ്പിച്ചു. ഇദ്ദേഹം പരിപ്പുസ്വദേശി കുഞ്ഞേലിയെ വിവാഹം ചെയ്തു. ഇരുവരും അന്തരിച്ചു. ജോസഫ് കുഞ്ഞേലി ദമ്പതികൾക്കു 3 പുത്രന്മാരും 2 പുത്രിമാരും ഉണ്ട്.

1. ജോർജ്ജ് (കുഞ്ഞുകുട്ടി) 2. അന്നമ്മ (ചിന്നമ്മ)
3. തോമസ് (പാപ്പച്ചൻ) 4. ഏലിയാമ്മ
5. ദേവസ്യാ

### 1. ജോർജ്ജ് (കുഞ്ഞുകുട്ടി)

കുഞ്ഞുകുട്ടി എന്നു വിളിക്കുന്ന ജോർജ്ജ് പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം കൃഷികാര്യങ്ങളിൽ വ്യാപൃതനായി. പുന്നത്തുറ ഇടയന്ത്രകുടുംബത്തിൽ നിന്ന് അന്നക്കുട്ടിയെ വിവാഹം ചെയ്തു. വിവാഹാനന്തരം കളപ്പുരവെച്ചുമുകളിലേക്കു മാറിത്താമസിച്ചു. അവിടെ നിന്ന് അവർ വയനാട്ടിലേക്കു കുടിയേറിപ്പാർക്കുകയും കൽപ്പറ്റ നടവയൽ എന്ന സ്ഥലത്ത് മൂശാരിയേട്ട് എന്ന വീട്ടുപേരിൽ താസിക്കുകയും ചെയ്യുന്നു. 1986 ൽ കുഞ്ഞുകുട്ടി നിര്യാതനായി. കുഞ്ഞുകുട്ടി - അന്നകുട്ടി ദമ്പതികൾക്ക് 5 പുത്രന്മാരും ഒരു പുത്രിയും ഉണ്ട്.

1. ജോസ് 2. തോമസ് (ഐപ്പച്ചൻ)
3. ലൂസി 4. ജോർജ്ജ്
5. ബേബി 6. ജോഷി

**1. ജോസ് –** ജോസ് വിദ്യാഭ്യാസാനന്തരം കോട്ടത്തറതറപ്പിൽ ചാക്കോ മറിയം ദമ്പതികളുടെ മകൾ തെയ്യാമ്മയെ വിവാഹം കഴിച്ച് കൃഷികാര്യങ്ങളിൽ ശ്രദ്ധപതിപ്പിച്ച് കാപ്പിക്കളം എന്ന സ്ഥലത്ത് താമസമാക്കി. ഇവർക്ക് ബെന്നി, ബിജു, റ്റിജി ഇങ്ങനെ മൂന്നു മക്കൾ.

1. ബെന്നി – വിവാഹം കഴിച്ച് 2 മക്കളുമായി കോഴിക്കോട് ടൗണിൽ താമസിക്കുന്നു.

2. ബിജു – ബിജു എന്ന സെബാസ്റ്റ്യൻ വിവാഹം കഴിച്ച് 3 മക്കളുമായി കാപ്പിക്കളത്ത് താമസിക്കുന്നു. ബിജു ഇപ്പോൾ വിദേശത്താണ്.

3. റ്റിജി – റ്റിജി എന്ന മറിയം വിവാഹം കഴിച്ച് പടിഞ്ഞാറേത്തറയിൽ 2 മക്കളുമായി താമസിക്കുന്നു.

**2. തോമസ് (ഐപ്പച്ചൻ)** കുഞ്ഞുകുട്ടിയുടെ രണ്ടാമത്തെ പുത്രനായ തോമസ് വിദ്യാഭ്യാസാനന്തരം കൃഷിയിൽ വ്യാപൃതനായി. കൂത്താട്ടുകുളം മൂവാറ്റുപുഴ ആയവന കിഴക്കേടത്ത് ഉലഹന്നൻ-ഏലി മകൾ സിസിലിയെ വിവാഹം കഴിച്ചു. ഇപ്പോൾ ഭാര്യാവീട്ടിൽ താമസിക്കുന്നു. ഇവർക്ക് ഹണി, സുബിൻ എന്നു രണ്ടു മക്കൾ

1. ഹണി – ഹണി എന്ന അന്നയെ വാഴക്കുളത്ത് വിവാഹം കഴിച്ചു.

2. സുബിൻ – സുബിൻ എന്ന ജോർജ്ജ് കറുകടം എന്ന സ്ഥലത്ത് മങ്കുത്തേൽ ഫ്രാൻസീസ്-മേരി മകൾ ആൽബിയെ വിവാഹം കഴിച്ച് ആയവനയിൽ താമസിക്കുന്നു. ഇപ്പോൾ മസ്കറ്റിലാണ്.

**3. ലൂസി –** കുഞ്ഞുകുട്ടിയുടെ ഏകമകളായ ലൂസിയെ വിദ്യാഭ്യാസാനന്തരം നീർവാരത്ത് കൊല്ലപ്പള്ളിൽ വർക്കി-ഏലിയാമ്മ മകൻ ആന്റണിയെ വിവാഹം കഴിച്ച് നീർവാരത്ത് താമസിക്കുന്നു.

**4. ജോർജ്ജ്–** നടവയൽ ചാക്കോ-മറിയം മകൾ ഏലിയാമ്മയെ വിവാഹം കഴിച്ചു. അവർക്ക് സിന്ധു,സിബി,സിജു എന്നീ മൂന്നു മക്കൾ. ജോർജ്ജ് കൃഷികാര്യങ്ങളിൽ ശ്രദ്ധിച്ച് നടവയലിൽ താമസിക്കുന്നു.

1. സിന്ധു - സിന്ധുവിനെ ചെറുകാട്ടൂർ എന്ന സ്ഥലത്ത് വിവാഹം കഴിച്ചു.

2. സിബി - ഇരട്ടി വേങ്ങമൂട്ടിൽ ദേവസ്യാ-റോസ മകൾ ലിസിയെ വിവാഹം കഴിച്ചു.

3. സിജു - വീട്ടിൽ താമസിക്കുന്നു.

**5. ബേബി :** ബേബി വിദ്യാഭ്യാസാനന്തരം ചുള്ളിയോട് മൂത്തേടത്ത് ജോസഫ്- മറിയം മകൾ മേരിയെ വിവാഹം കഴിച്ചു. ബിബിൻ, മരിയ എന്നീ രണ്ടു മക്കളുമായി അമ്പലവയൽ കരടിപ്പാറയിൽ താമസിക്കുന്നു.മക്കൾ രണ്ടു പേരും പഠിക്കുന്നു.

**6. ജോഷി :** ജോഷി വിദ്യാഭ്യാസാനന്തരം പള്ളിക്കുന്ന് പാലയ്ക്കൽ തോമസ്-മറിയം മകൾ ലൂസിയെ വിവാഹം കഴിച്ച് കൃഷിക്കാര്യങ്ങളും നോക്കി നടവയലിൽ താമസിക്കുന്നു. ഇവർക്ക് ഒരു മകൾ ജോസ്ന പഠിക്കുന്നു.ജോഷി 2002 മാർച്ച് 30 ന് മരിച്ചു.

### 2) അന്നമ്മ

വലിയപറമ്പിൽ കുഞ്ഞേപ്പിന്റെ മൂത്തമകളായ അന്നമ്മയെ ചേർപ്പുങ്കൽ ചെല്ലംകോട്ടു പാപ്പച്ചൻ വിവാഹം കഴിച്ചു.

### 3) തോമസ് (പാപ്പച്ചൻ)

വലിയപറമ്പിൽ കുഞ്ഞേപ്പിന്റെ രണ്ടാമത്തെ മകനായ പാപ്പച്ചൻ ഹൈസ്കൂൾ വിദ്യാഭ്യാസത്തിനുശേഷം കൃഷികാര്യങ്ങൾ നോക്കിവരെ മൂഴൂർ നിന്നു മേരിക്കുട്ടിയെ വിവാഹം ചെയ്തു വലിയപറമ്പിൽ താമസമാക്കി. അവിടെനിന്ന് താന്തോന്നിപ്പുരയിടത്തിലേക്കു മാറിത്താമസിച്ചു. 1980 ൽ സ്ഥലം വിറ്റ് മലബാറിലേക്കു കുടിയേറിപ്പാർക്കുകയും കാസർകോട് ജില്ലയിൽ പെരിയങ്ങാനം എന്ന സ്ഥലത്തു താമസിക്കുകയും ചെയ്യുന്നു. പാപ്പച്ചൻ 1995 ഏപ്രിൽ 16-ാം തീയതി നിര്യാതനായി. പാപ്പച്ചൻ മേരി ദമ്പതികൾക്ക് മൂന്നു പുത്രന്മാരും 3 പുത്രിമാരുമുണ്ട്.

1. മോളി (ഏലിയാമ്മ
2. ജയ്നമ്മ (മേരി)
3. ഷാജി (ദേവസ്യാ)
4. രാജു (ഫ്രാൻസിസ്)
5. ഷൈജു (ജോർജ്ജ്)
6. ഷീജ (റോസമ്മ)

**1. മോളി ( ഏലിയാമ്മ)**

മോളി എന്നു വിളിക്കുന്ന ഏലിയാമ്മ 1959 ൽ ജനിച്ചു. ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി. വിവാഹിതയാണ്.

**2. ജയ്നമ്മ (മേരി)** ജയ്നമ്മ എന്നു വിളിക്കുന്ന മേരി 1962ൽ ജനിച്ചു. ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി. വിവാഹിതയാണ്.

**3. ഷാജി –** ഷാജി 9.12.1964 ജനിച്ചു. സ്കൂൾ വിദ്യാഭ്യാസത്തിനുശേഷം കൃഷികാര്യങ്ങളിൽ വ്യാപൃതനായി.1994 ജനുവരി 17 ന് കാസർഗോഡ് അടുക്കത്തെ കടവിൽ വീട്ടിലെ കെ.വി. വർക്കിയുടെയും ഏലിക്കുട്ടിയുടെയും മകളായ സിസിലിയെ വിവാഹം ചെയ്തു.. ഇവർക്ക് ഒരു പുത്രനും ഒരു പുത്രിയുമുണ്ട്.

1. പ്രജീന 2. പ്രജിത്ത്

1. പ്രജീന- പോളിടെക്നികിൽ പഠിക്കുന്നു.

2. പ്രജിത്ത് – ബിരുദ വിദ്യാർത്ഥിയാണ്.

**4. രാജു (ഫ്രാൻസിസ്) :** രാജു എന്നു വിളിക്കുന്ന ഫ്രാൻസിസ് 12.1. 1968 ൽ ജനിച്ചു. രാജുമോൻ തോമസ് കാലിക്കട്ട് യൂണിവേഴ്സിറ്റിയിൽ നിന്നും ബി എ എക്കണോമിക്സ് ബിരുദം നേടി. 1989 മുതൽ 2011 വരെ ഡൽഹിയിൽ സ്റ്റെനോ ആയി ജോലി ചെയ്തു. 2000 സെപ്റ്റംബർ മാസം 9-ാം തീയതി ചിറ്റാരിക്കലിലുള്ള നെല്ലംകുഴി വീട്ടിൽ മാത്യുവിന്റെയും മേരിയുടെയും മകളായ പ്രിൻസിയെ വിവാഹം ചെയ്തു. ഇവർക്ക് 2 ആൺമക്കൾ ഉണ്ട്. മൂത്തയാൾ 24.10.2001 ൽ ജനിച്ചു. ഇപ്പോൾ ഡോൺ ബോസ്കോ സ്കൂളിൽ വരക്കാട്, ചിറ്റാരിക്കൽ കാസർകോട് 8-ാം ക്ലാസ്സിൽ പഠിക്കുന്നു.



വലിയപറമ്പിൽ രാജുവും കുടുംബവും

**5 ഷൈജു (ജോർജ്ജ്):** ഷൈജു എന്നുവിളിക്കുന്ന ജോർജ്ജ് 12.6.1973 ൽ ജനിച്ചു. ഷൈജു തോമസ് 29 മെയ് 2006 ൽ വിവാഹിതനായി. പാറശ്ശേരിൽ പി. ജെ. ജോസഫ് - മേരി ജോസഫ് ദമ്പതികളുടെ മകൾ സിമി ജോസഫിനെയാണ് വിവാഹം കഴിച്ചത്. ഇവർക്ക് 2 കുട്ടികളുമുണ്ട്.

1. ആൻ മരിയ ഷൈജു 2. എഞ്ചൽ ഷൈജു.



വലിയപറമ്പിൽ ഷൈജുവും കുടുംബവും മാതാവ് മേരികുട്ടിയൊടൊപ്പം

**6 ഷീജ (റോസമ്മ)** : വലിയപറമ്പിൽ പാപ്പച്ചന്റെ ഇളയമകളായ ഷീജ എന്നു വിളഇക്കുന്ന റോസമ്മ 29.1.1979ൽ ജനിച്ചു. വിവാഹിതയാണ്.

## 4) ഏലിയാമ്മ

വലിയപറമ്പിൽ കുഞ്ഞേപ്പിന്റെ രണ്ടാമത്തെ മകളായ ഏലിയാമ്മയെ പാലാ പറയരുതോട്ടത്തിൽ വിവാഹം ചെയ്തയച്ചു. അവർ ഇപ്പോൾ മലബാറിലാണ്.

## 5) ദേവസ്യാ

വലിയപറമ്പിൽ ജോസഫിന്റെ ഇളയമകനായ ദേവസ്യാ വിദ്യാഭ്യാസകാലത്തുതന്നെ നിര്യാതനായി.

## 3. തോമസ്

വലിയപറമ്പിൽ വർഗ്ഗീസിന്റെ മൂന്നാമത്തെ പുത്രനായ തോമ്മാ എന്നു വിളിക്കുന്ന തോമസ് പ്രൈമറി വിദ്യാഭ്യാസം പൂർത്തിയാക്കി. കൃഷിയിലും കച്ചവടത്തിലും ഒരുപോലെ തൽപരനായിരുന്നു. പിന്നീടു കച്ചവടം ഉപേക്ഷിച്ചു കൃഷിയിൽ മാത്രം ശ്രദ്ധിച്ചു പോന്നു. തോമസ് കളത്തൂർ പാറക്കുന്നേൽ ഏലിയാമ്മയെ വിവാഹം ചെയ്തു. അതിൽ ഒരു പെൺകുട്ടിയുണ്ടായി. ഏറെത്താമസിയാതെ ഏലിയാമ്മ അസുഖം മൂലം മരണമടഞ്ഞു. പിന്നീടു പാറമ്പുഴ പെരിങ്ങാട്ട് കുരുവിളയുടെ മകൾ ത്രേസ്യാമ്മയെ രണ്ടാം വിവാഹം കഴിച്ചു. അവർ കിഴക്കേ പുൽപ്ര പുരയിടത്തിലേക്കു മാറിത്താമസിച്ചു. തോമസ് 26.11.1982ലും ത്രേസ്യാമ്മ 6.9.1994 ലും വാർദ്ധക്യസഹജമായ അസുഖം മൂലം നിര്യാതരായി. ഇരുവരെയും കൂടല്ലൂർ പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു. തോമസിന്റെ ആദ്യ വിവാഹത്തിൽ ഒരു പുത്രിയും രണ്ടാം വിവാഹത്തിൽ രണ്ടുപുത്രന്മാരും രണ്ടു പുത്രിമാരും ഉണ്ട്.



വലിയപറമ്പിൽ (കിഴക്കേപുലിപ്ര) തോമസും ഭാര്യ ത്രേസ്യാമ്മയും

1 മറിയം (പെണ്ണ്) 2 അന്നമ്മ (ചിന്നക്കുട്ടി)
3 ജോർജ് (കുഞ്ഞ്) 4 ആലിസ്
5 സണ്ണി (സെബാസ്റ്റ്യൻ)



വലിയപറമ്പിൽ
(കിഴക്കേപുലിപ്ര)
തോമസിന്റെ മകൾ മറിയം

**1. മറിയം(പെണ്ണ് )** : പെണ്ണ് എന്ന് വിളിക്കുന്ന മറിയത്തെ കാട്ടാമ്പാക്ക് വേങ്ങത്താനത്ത് ഉലഹന്നൻ വിവാഹം കഴിച്ചു. അവർക്ക് അന്നമ്മ എന്നു പേരുള്ള ഒരു പുത്രിയുണ്ടായി. ഏറെത്താസിയാതെ ഉലഹന്നൻ മരണമടഞ്ഞു. മറിയം സ്വന്തം വീടായ കിഴക്കേപുൽപ്രയിലേക്കു തിരികെപ്പോരുകയും പിതാവിനോടൊപ്പം താമസിക്കുകയും ചെയ്തു. പിതാവിന്റെ മരണശേഷം ഇളയസഹോദരൻ സണ്ണിയുടെ സംരക്ഷണയിൽ കഴിയവെ 21.05.2013 ൽ നിര്യാതയാവുകയും കൂടല്ലൂർ സെന്റ് ജോസഫ് പള്ളിയിലെ കുടുംബക്കല്ലറയിൽ സംസ്കരിക്കുകയും ചെയ്തു.

**2. സി. ട്രീസാ തോമസ് (ചിന്നക്കുട്ടി)–** :ചിന്നക്കുട്ടി എന്നു വിളിക്കുന്ന സി. ട്രീസാ തോമസ് വലിയപറമ്പിൽ തോമസിന്റെ രണ്ടാമത്തെ മകളായി 12.2.36ൽ ജനിച്ചു. ഹൈസ്കൂൾ വിദ്യാഭ്യാസത്തിനുശേഷം അഡറേഷൻ സന്ന്യാസസമൂഹത്തിൽ 1956 ൽ അംഗമായി ചേർന്നു. ഇപ്പോൾ കൂത്രപ്പള്ളി മഠത്തിൽ വിശ്രമജീവിതം നയിക്കുന്നു.

**3. ജോർജ് :** കുഞ്ഞ് എന്നു വിളിക്കുന്ന ജോർജ് 2.2.1939ൽ ജനിച്ചു. പ്രീഡിഗ്രിവിദ്യാഭ്യാസത്തിനുശേഷം കൃഷിയിൽ വ്യാപൃതനായി. 8.5.61ൽ ആർപ്പൂക്കര പ്ലാക്കിയിൽ ജോസഫ് മറിയം മകൾ റോസമ്മയെ വിവാഹം ചെയ്തു. പിതാവിനോടൊപ്പം കിഴക്കേപൂൽപ്രയിൽ താമസിച്ചു. 1981 ഫെബ്രുവരി 10നു പാറപ്പുറം പുരയിടത്തിൽ വീടു പണിത് അവിടേക്കു മാറിത്താമസിച്ചു. പാറപ്പുറത്തേക്കു മാറിത്താമസിച്ച ശേഷം ഏതാനും വർഷം കൃഷിയോടൊപ്പം കച്ചവടവും നടത്തിയിരുന്നു. ഇപ്പോൾ കൃഷികാര്യങ്ങൾ മാത്രം നോക്കി പാലാ ഇളംതോട്ടം ഇടവകയിൽ മൂശാരിയേട്ട് എന്ന വീട്ടുപേരിൽ താമസിക്കുന്നു. ജോർജ് – റോസമ്മ ദമ്പതികൾക്കു മൂന്നു പുത്രിമാരും ഒരു പുത്രനും ഉണ്ട്.



മൂശാരിയേട്ട് (വലിയപറമ്പിൽ) ജോർജ്ജും കുടുംബവും

1. ട്രീസാ (സുഷമ) 2. എലിസബത്ത് (ബെറ്റി)
3. തോമസ് (സാജൻ) 4. മാർഗരറ്റ് (സോണിയ)

1. സുഷമ (ട്രീസ) : സുഷമ എന്നു വിളിക്കുന്ന ട്രീസാ 6.11.1962ൽ ജനിച്ചു. ബി.എ. വിദ്യാഭ്യാസം പൂർത്തിയാക്കി. 14.10.1987 ൽ കാരിത്താസ് മാങ്കിലേട്ടു ദേവസ്യായുടെ മകൻ ജോർജ്ജുകുട്ടി വിവാഹം ചെയ്തു.ഇവർക്ക് ഒരു പുത്രിയും ഒരു പുത്രനും ഉണ്ട്.

2. ബെറ്റി (എലിസബത്ത്) : ബെറ്റി എന്നുവിളിക്കുന്ന എലിസബത്ത് 6.5.1966ൽ ജനിച്ചു. പ്രീഡിഗ്രിവിദ്യാഭ്യാസം പൂർത്തിയാക്കി. 27.5.1991ൽ കുറിച്ചിത്താനം പാലമറ്റത്തിൽ കുര്യന്റെ മകൻ ജോൺസൺ വിവാഹം ചെയ്തു. ഇവർക്ക് രണ്ടു പുത്രന്മാരുണ്ട്.

3. സാജൻ (തോമസ്): കിഴക്കേപുലിപ്ര ജോർജ്ജിന്റെ ഏകമകനായ സാജൻ എന്നു വിളിക്കുന്ന തോമസ് 1.5.1970ൽ ജനിച്ചു. പ്രീഡിഗ്രിയും ഐ.റ്റി.ഐ.യും പാസ്സായശേഷം മദ്ധ്യപ്രദേശ് സംസ്ഥാനത്ത് ബിലാസ്പൂരിൽ NTPC യിൽ രണ്ടു വർഷം ജോലി നോക്കി. ഇപ്പോൾ വീട്ടിൽ പിതാവിനോടൊപ്പം കൃഷികാര്യങ്ങൽ ശ്രദ്ധിച്ചു കഴിയുന്നു.

4. സോണിയ (മാർഗരറ്റ്) : സോണിയ എന്നു വിളിക്കുന്ന മാർഗരറ്റ് 21.3.1977ൽ ജനിച്ചു. ഡിഗ്രി വിദ്യാഭ്യാസത്തിനുശേഷം 20.07.1999 ൽ പുന്നത്തുറ മാലിയിൽ ജോർജ്ജ്കുട്ടിയെ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് രണ്ടു പുത്രന്മാരുണ്ട്.

### 4) ആലീസ്

25.5. 1947ൽ ആലിസ് ജനിച്ചു. MSc, BEd, വിദ്യാഭ്യാസം പൂർത്തിയാക്കിയ ശേഷം കേരള സർവ്വകലാശാലയിൽ റിസർച്ച് സ്കോളറായിരുന്നു. 26.1.1978 ൽ ആലീസിനെ കോതമംഗലം കിഴക്കേടത്ത് വർഗ്ഗിസിന്റെ മകനും കുവൈറ്റിൽ എൻജീനിയറുമായിരുന്ന ജോസ് വിവാഹം ചെയ്തു. വിവാഹാനന്തരം ആലിസും ഏതാനും വർഷം കുവൈറ്റിൽ താമസിച്ചു. ഇപ്പോൾ തിരികെ വന്ന് ആലുവായിൽ താമസിക്കുന്നു.ഈ ദമ്പതികൾക്ക് അജീഷ് എന്ന പേരുള്ള പുത്രനുണ്ട് അജീഷ് ഇപ്പോൾ കുവൈറ്റിൽ എൻജിനിയറായി ജോലി നോക്കുന്നു.

### 5) സണ്ണി

തോമസിന്റെ ഇളയപുത്രനായ സണ്ണി 1953 ഏപ്രിൽ 20നു ജനിച്ചു. പ്രീഡിഗ്രി വിദ്യാഭ്യാസം പൂർത്തിയാക്കിയ ശേഷം ഉപരി പഠനത്തിനു ബോംബേക്കു പോകുകയും അവിടെവച്ച് ITC പാസ്സാകുകയും ചെയ്തു. തുടർന്ന് ഏതാനും വർഷം ബോംബെയിൽ ജോലി നോക്കി. കുടുംബപരമായ കാരണങ്ങളാൽ ജോലി ഉപേക്ഷിച്ചു നാട്ടിൽ തിരിച്ചു വന്നു. കൃഷികാര്യങ്ങളിൽ വ്യാപൃതനാകുകയും ചെയ്തു. പൊതുകാര്യപ്രവർത്തകനും രാഷ്ട്രീയപ്രവർത്തകനുമായ സണ്ണി കാണക്കാരി പഞ്ചായത്ത് 10-ാം വാർഡ് മെമ്പറായിരുന്നു. കടപ്പൂരു വള്ളോമ്പ്രായിൽ ജോൺ-റോസമ്മ മകൾ പൊന്നമ്മയെ 1981 മാർച്ച് 16-ാം തീയതി വിവാഹം ചെയ്ത് ഇരുവരും കിഴക്കേപുലിപ്രയിൽ താമസിക്കുന്നു. ഈ ദമ്പതികൾക്ക് ഒരു പുത്രനും ഒരു പുത്രിയും ഉണ്ട്.



വലിയപറമ്പിൽ (കിഴക്കേപുലിപ്ര) സണ്ണിയും കുടുംബവും

1. റ്റിറ്റോ 2. ടിന്റു

1 റിറ്റോ: റിറ്റോ എന്നു വിളിക്കുന്ന തോമസ് 2.8.1982ൽ ജനിച്ചു. ഡിഗ്രി വിദ്യാഭ്യാസത്തിനുശേഷം ഫിസിക്കൽ ട്രെയിനറായി ജോലി നോക്കുന്നു.31.12.2013 ൽ അറുന്നൂറ്റിമംഗലം കരികുളം വീട്ടിൽ ജോസ് – ലില്ലി ദമ്പതികളുടെ മകൾ ജിൻസിയെ വിവാഹം ചെയ്തു. ജിൻസി സൗദി അറേബ്യയിൽ സ്റ്റാഫ് നേഴ്സായി ജോലി നോക്കുന്നു.

2. ടിന്റു (ട്രീസാമേരി) : ടിന്റു എന്നു വിളിക്കുന്ന ട്രീസാമേരി 6.4.1987 ൽ ജനിച്ചു. നഴ്സിംഗ് വിദ്യാഭ്യാസത്തിനു ശേഷം സ്റ്റാഫ് നേഴ്സായി ജോലി നോക്കുന്നു.

## 4. ഏലിയാമ്മ (കുഞ്ഞുപെണ്ണ്)

കുഞ്ഞുപെണ്ണ് എന്നു വിളിക്കുന്ന ഏലിയാമ്മ വലിയപറമ്പിൽ വർഗ്ഗീസിന്റെ മക്കളിൽ നാലാമത്തവളാണ്. മരങ്ങാട്ടിലക്കാലാതേവറോലിക്കൽ മത്തായി വിവാഹം കഴിച്ചു. മത്തായി അദ്ധ്യാപകനായിരുന്നു ഇരുവരും ഇന്ന് ജീവിച്ചിരിപ്പില്ല. ഈ ദമ്പതികൾക്ക് രണ്ടു പുത്രൻമാരും മൂന്നു പുത്രിമാരുമുണ്ട്.

## 5. റവ. ഫാ. സെബാസ്റ്റ്യൻ മൂശാരിയേട്ട് (ദേവസ്യാച്ചൻ)

വലിയപറമ്പിൽ വർഗ്ഗീസിന്റെ മക്കളിൽ അഞ്ചാമനായ ദേവസ്യാച്ചൻ 25.2.1902ൽ ജനിച്ചു. മാന്നാനത്ത് സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയ ശേഷം വാരാപ്പുഴ സെമിനാരിയിൽ ചേർന്നു വൈദികപഠനം നടത്തുകയും 19.12.1931ൽ പൗരോഹിത്യം സ്വീകരിക്കുകയും ചെയ്തു.

ഒരു വർഷം സ്വന്തം ഇടവകയായ കൂടല്ലൂരിൽ സേവനം അനുഷ്ഠിച്ച ശേഷം ചങ്ങനാശ്ശേരി, പാലാ രൂപതകളിലെ വിവിധ ഇടവകകളിൽ അസി. വികാരിയായും വികാരിയായും സേവനമുഷ്ഠിച്ചു.

മറ്റക്കര, ചെമ്പിളാവ്, തമ്പലക്കാട്, തിടനാട്, ഏഴാച്ചേരി, മരങ്ങോലി, കൂട്ടിക്കൽ, വണ്ടന്മേട്, തീക്കോയി, പെരിങ്ങളം, മൂത്തോലപുരം, പ്ലാശനാൽ, കാഞ്ഞിരത്താനം, കടപ്ലാമറ്റം, മണ്ണായ്ക്കനാട് തുടങ്ങിയ ഇടവകകളിലാണ് ബ.ദേവസ്യാച്ചൻ സേവനം അനുഷ്ഠിച്ചിരുന്നത്.



ഫാ. സെബാസ്റ്റ്യൻ മൂശാരിയേട്ടും സഹോദരങ്ങളായ തോമസും മത്തായിയും

ഇടവക ഭരണത്തോടൊപ്പം തന്റെ കീഴിലുള്ള ഇടവകയിലെ വിദ്യാഭ്യാസ സാമ്പത്തിക സാമൂഹിക സാംസ്കാരിക രംഗങ്ങളിലെല്ലാം അദ്ദേഹം തന്റെ വ്യക്തിമുദ്ര പതിപ്പിച്ചിരുന്നു. കൊച്ചച്ചനായിരുന്ന കാലത്തു തന്നെ ഇടവക ജനങ്ങളുടെ സ്നേഹാദരവുകൾ പിടിച്ചു പറ്റാൻ അദ്ദേഹത്തിനു സാധിച്ചിട്ടുള്ളതിന്റെ നിരവധി ഉദാഹരണങ്ങൽ ഉണ്ട്.

മറ്റക്കര ഇടവകയിൽ അസി. വികാരിയായിരുന്ന കാലത്ത് അവിടത്തെ വികാരിയച്ചനും ചില ഇടവകാംഗങ്ങളും തമ്മിലുണ്ടായ തർക്കം മഹറോൻ നടപടി വരെ എത്തിയ അവസരത്തിൽ ഇരുകൂട്ടർക്കും സ്വീകാര്യമായ ഒരു ഫോർമുല കണ്ടു പിടിച്ച് രമ്യതയിൽ എത്തിക്കാൻ സാധിച്ച സംഭവം ബന്ധപ്പെട്ട ചിലരിൽ നിന്നു മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്.മരങ്ങോലി ഇടവക വികാരിയായിരുന്ന കാലത്ത് ഇലഞ്ഞി-മരങ്ങോലി -കടുത്തുരത്തി റോഡു നിർമ്മാണത്തിനു നൽകിയ നേതൃത്വതവും, താൽപര്യവും തദ്ദേശവാസികൾ ഇന്നും സ്മരിക്കുന്നു.

തമ്പലക്കാട് പള്ളി ഭരണകാലത്ത് അഭിവന്ദ്യ കാളാശ്ശേരി പിതാവ് അച്ചനെവിളിച്ചുവരുത്തി കൂട്ടിക്കൽ പള്ളിയിൽ അദ്ദേഹത്തിന്റെ സേവനം ആവശ്യപ്പെട്ടപ്പോൾ സ്വന്തം അഭിപ്രായം അറിയിച്ചതു പിതാവിനെകോപാകുലനാക്കുകയും എന്നാൽ തക്കസമയത്ത് അനുനയത്തിലുടെ പിതാവിനെ സാന്ത്വനപ്പെടുത്താൻ കഴി

ഞ്ഞതും മുഖം നോക്കാതെ കാര്യങ്ങൾ പറയുന്ന അച്ചന്റെ സ്വഭാവ ത്തിന് ഉദാഹരണമാണ്. അക്കാലത്ത് കൂട്ടിക്കൽ ഇടവകയിലെ ചില രുമായുള്ള അഭിപ്രായ വ്യത്യാസത്തെത്തുടർന്ന് പള്ളി പൂട്ടി താക്കോ ലുമായി വികാരി ബ. കൊല്ലംപറമ്പിൽ യൗസേപ്പച്ചൻ അരമനയിൽ ചെന്ന സന്ദർഭത്തിലാണ് പിതാവ് സെബാസ്റ്റ്യനച്ചനെഅങ്ങോട്ടയ യ്ക്കാൻ തീരുമാനിച്ചത്. പിതാവിന്റെ അനുഗ്രഹാശ്ശിസുകളോടെ പള്ളിഭരണം ഏറ്റെടുത്ത അച്ചൻ 11 വർഷത്തെ സ്തുത്യർഹമായ സേവനത്തിനുശേഷമാണ് പെരിങ്ങളം പള്ളിയിലേക്കു മാറ്റപ്പെട്ടത്.

കൂട്ടിക്കൽ മിഡിൽ സ്കൂളിൽ കുട്ടികൾ കുറവാണെന്ന കാരണത്താൽ നിറുത്തലാക്കാൻ തീരുമാനിച്ചപ്പോൾ തന്റെ സ്വന്തം മാനേജ്മെന്റിൽ ഏറ്റെടുത്തു നടത്തുകയും പ്രസ്തുത സ്കൂളിനെ ഹൈസ്കൂൾ ആക്കി വളർത്തിയെടുക്കുകയും ചെയ്തു. ഹൈസ്കൂൾ സ്ഥാപിക്കുന്നതിനനുണ്ടായ തടസ്സങ്ങളെല്ലാം സ്വന്തം സാമർത്ഥ്യം കൊണ്ടു തീർക്കുകയും ചെയ്തു. തീരാതെ കിടന്ന പള്ളിപണി പൂർത്തിയാക്കി ഇടവകജനങ്ങളെയും തദ്ദേശവാസിക ളായ നാനാജാതി മതസ്ഥരെയും ഒന്നിച്ചുകൂട്ടി തന്റെ നിയന്ത്രണ ത്തിൽകൊണ്ടുവന്നത് അച്ചന്റെ നേട്ടം തന്നെയായിരുന്നു. ഇന്നു കൂട്ടിക്കലിന്റെ പരിധിയിലുള്ള അഞ്ചു പള്ളികളുടെയും ആരംഭം കുറിച്ചതും ബ.സെബാസ്റ്റ്യനച്ചനായിരുന്നു. ചങ്ങനാശ്ശേരി രൂപത വിഭജിച്ച് പാലാ രൂപത രൂപവത്കരിച്ചപ്പോൾ ചങ്ങനാശ്ശേരി രൂപത യിൽ പെട്ടിരുന്ന കൂട്ടിക്കൽ പാലാ രൂപതയുടെ കീഴിലാക്കിയതും അച്ചന്റെ താൽപര്യം നിമിത്തമായിരുന്നു. കൂട്ടിക്കലിൽ നിന്നും മാറ്റം സ്വീകരിച്ചു യാത്രാസൗകര്യം ഒട്ടുമില്ലാതിരുന്ന പെരിങ്ങളത്തു ചെന്ന യുടനെയാത്രാ സൗകര്യം ഉണ്ടാക്കുന്നതിനുള്ള യത്നം തുടങ്ങി വിജയിപ്പിച്ചു. അവിടെ ഒരു ഹൈസ്കൂൾ സ്ഥാപിക്കുന്നതിനു വേണ്ട നിർദ്ദേശം നൽകുകയും ചെയ്തു.

പ്ലാശനാലും മുത്തോലപുരത്തും പള്ളി വക സ്കൂൾകെ ട്ടിടങ്ങൾ ഉപാധികളോടെ വർഷങ്ങൾക്ക് മുമ്പ് സർക്കാരിന് വിട്ടു കൊടുത്തിരുന്നത് തിരിച്ചെടുക്കാൻ അച്ചനു കഴിഞ്ഞു. അതിനുപ യോഗിച്ച കൗശലവും നിയമയുദ്ധവും ശ്ലാഘനീയമാണ്. നിരന്തര മായ വായനാശീലവും പഠനവും തീക്ഷണമായ പ്രാർത്ഥനയും ഇത്തരം സാഹചര്യങ്ങളെ നേരിടുവാൻ അച്ചനെ സഹായിച്ചു.

സ്വന്തം നാട്ടുകാർക്കു ജോലി ലഭിച്ചാൽ നാടിനുമൊത്തം പ്രയോജനം ചെയ്യുമെന്ന അഭിപ്രായക്കാരനായിരുന്നു അദ്ദേഹം. ജന്മനാട്ടിലെ ജനങ്ങളുടെ അഭിവൃദ്ധി ലക്ഷ്യമാക്കി തന്റെ അധികാരപരിധിയിൽപെട്ട സ്ഥാപനങ്ങളിൽ ജോലി ലഭിക്കുന്നതിനുവേണ്ട മാർഗ്ഗദർശനവും കൊടുത്ത് പലരെയും അദ്ദേഹം സഹായിച്ചിട്ടുണ്ട്. ഏതു മതവിഭാഗത്തിൽപെട്ടവരായാലും അവരോടു സഹകരിക്കാനും അവരെ സഹായിക്കാനും അച്ചനു മടിയുണ്ടായിരുന്നില്ല. കടപ്പൂര് പബ്ലിക് ലൈബ്രറിക്ക് ഒരു നല്ല അലമാരിയും നിറയെ പുസ്തകങ്ങളും അദ്ദേഹം സംഭാവനയായി നൽകിയിട്ടുണ്ട്. കടപ്പൂര് കുരിശുപള്ളിയുടെ നിർമ്മാണത്തിനാവശ്യമായ മാർഗ്ഗനിർദ്ദേശവും മറ്റു സഹായങ്ങളും അദ്ദേഹം നൽകിയിട്ടുണ്ട്,

ഇടവകഭരണത്തിൽ നിന്നു വിരമിച്ച ശേഷം കുറെ നാളുകൾ സ്വന്തം ഇടവകയായ കൂടല്ലൂരിൽ വിശ്രമജീവിതം നയിച്ചു. അതിനു ശേഷം സഹോദരൻ തോമസിന്റെ വസതിയായ കിഴക്കേപുലിപ്രയിലേക്കു താമസം മാറ്റി. പ്രാർത്ഥനാനിരതമായ ജീവിതത്തിനുശേഷം ഇവിടെ വച്ചു അദ്ദേഹം 10.6.1987 ൽ ഇഹലോകവാസം വെടിഞ്ഞു. കൂടല്ലൂർ സെന്റ് ജോസഫ് പള്ളിയിലെ മദ്ബഹായോടടുത്തുള്ള കല്ലറയിൽ അന്ത്യവിശ്രമം കൊള്ളുന്നു.

## 6. മത്തായി (കുട്ടി)

വലിയപറമ്പിൽ വർഗ്ഗീസിന്റെ അഞ്ചാമത്തെ പുത്രനായ കുട്ടി എന്നു വിളിക്കുന്ന മത്തായി 1907 മേടം 13 ന് ജനിച്ചു. പ്രാഥമിക വിദ്യാഭ്യാസത്തിനു ശേഷം കൃഷികാര്യങ്ങളിൽ വ്യാപൃതനായി. പാരമ്പര്യമായി ലഭിച്ച മർമ്മാണി ചികിത്സയിൽ അദ്ദേഹത്തിനു പരിജ്ഞാനമുണ്ടായിരുന്നു. മത്തായി കടപ്പൂർ പ്ലാത്തോട്ടത്തിൽ ഉലഹന്നന്റെ മകൾ മറിയത്തെ വിവാഹം കഴിച്ചു. വിവാഹാനന്തരം കളപ്പുരവച്ചമുകളിലും പിന്നീടു വലിയപറമ്പിലും താമസിച്ചു. അദ്ദേഹം 1986 ഒക്ടോബർ 5-ാം തീയതി നിര്യാതനായി. മറിയം 27.6.1997 ൽ നിര്യാതയായി. ഇരുവരെയും വെട്ടിമുകൾ സെന്റ് മേരീസ് പള്ളി സെമിത്തേരിയിലെ കുടുംബ കല്ലറയിൽ സംസ്കരിച്ചു. മത്തായി മറിയം ദമ്പതികൾക്കു 2 പുത്രന്മാരും 8 പുത്രിമാരും മക്കളായുണ്ട്.



വലിയപറമ്പിൽ മത്തായിയും (കുട്ടി) ഭാര്യ മറിയാമ്മയും

1. മറിയം (മാമ്മി)
2. അന്നമ്മ (ചിന്നക്കുട്ടി)
3. ഏലിയാമ്മ (ഏലമ്മ)
4. ത്രേസ്യാ
5. ത്രേസ്യാ
6. റോസമ്മ (ലീലാമ്മ)
7. ത്രേസ്യാമ്മ (ഗ്രേസിക്കുട്ടി)
8. ജോർജ്ജുകുട്ടി (അപ്പച്ചൻ)
9. മരിയ ഗൊരോത്തി (മേജമ്മ)
10. സെബാസ്റ്റ്യൻ (ബോസ്)

### 1. മറിയം (മാമ്മി)

മാമ്മിയെന്നു വിളിക്കുന്ന മറിയത്തെ ഏറ്റുമാനൂർ കൂരീകൊമ്പിൽ പുത്തൻകാലായിൽ പാപ്പച്ചൻ എന്നു വിളിക്കുന്ന ജോർജ്ജ് വിവാഹം ചെയ്തു. ഇവർക്ക് ഒരു ആൺകുട്ടിയുണ്ടായി. അധികം താമസിയാതെ മാമ്മി നിര്യാതയായി.

### 2. ബേബി (ജോൺ)

വലിയപറമ്പിൽ മാമ്മിയുടെ ഏകപുത്രനായ ബേബി എന്നു വിളിക്കുന്ന ജോൺ 12.2.1954 ൽ ജനിച്ചു. മാതാവിന്റെ മരണ ശേഷം അമ്മ വീടായ വലിയപറമ്പിൽ സ്ഥിരതാമസമാക്കി. ബേബി PDC വിദ്യാഭ്യാസത്തിനുശേഷം ഗുജറാത്തിൽ പോയി PTC പാസ്സാകുകയും അവിടെത്തന്നെ കുറെക്കാലം ജോലി നോക്കുകയും ചെയ്തു. 1980ൽ ജോലി ഉപേക്ഷിച്ചു തിരികെ പോരുകയും മാതൃസഹോദരനായ വലിയപറമ്പിൽ അപ്പച്ചന്റെ കൂടെ കൂടല്ലൂർകവലയിൽ സോമിൽ നടത്തുകയും ചെയ്യുന്നു. 1988 ഫെബ്രുവരി 11നു ബേബി മറ്റക്കര മുണ്ടപ്ലാക്കൽ ജോർജിന്റെ മകൾറോസമ്മയെ വിവാഹം ചെയ്തു. വിവാഹാനന്തരം താന്നോന്നിപുരയിടം വാങ്ങി

പുതിയ വീട് വച്ച് മൂശാരിയേട്ടു കുടുംബാംഗമായി എല്ലാക്കാര്യങ്ങളിലും സംബന്ധിച്ചും സഹകരിച്ചും താമസിക്കുന്നു. ബേബി ഏറ്റുമാനൂർ ഗ്രാമപഞ്ചായത്ത് മെമ്പറായിരുന്നു. ബേബി-റോസമ്മ ദമ്പതികൾക്ക് ഒരു പുത്രനും 2 പുത്രിമാരും ഉണ്ട്.



വലിയപറമ്പിൽ ബേബിയും കുടുംബവും

1 മരിയറ്റ് (റിന്റു) 22.11.88ൽ ജനിച്ചു. MSW പഠനത്തിന് ശേഷം സ്കൂൾ കൗൺസിലർ ആയി മേരി മൗണ്ട് പബ്ലിക് സ്കൂളിൽ ജോലി ചെയ്യുന്നു

2 ജോർജ്ജ് (അപ്പു) 12.2.1991 ൽ ജനിച്ചു. ഡിഗ്രി വിദ്യാഭ്യാസം നടത്തുന്നു.

3. എലിസബത്ത് (റിനു) 3.6.1992 ൽ ജനിച്ചു. എൻജിനീയറിംഗ് കഴിഞ്ഞ് തിരുവനന്തപുരത്ത് ടെക്നോ പാർക്കിൽ ജോലി ചെയ്യുന്നു.

## 2. അന്നമ്മ (ചിന്നക്കുട്ടി)

ചിന്നക്കുട്ടി എന്നു വിളിക്കുന്ന അന്നമ്മ 17.4.1937ൽ ജനിച്ചു സ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം ഗ്വാളിയാറിൽ പോയി ജനറൽ നേഴ്സിംഗ് പഠിച്ചു പാസ്സായി അവിടെത്തന്നെ ഗവ. സർവ്വീസിൽ

ജോലി നോക്കി വരവെ ഗൾഫിൽ ബഹറിനിൽ ജോലി ലഭിച്ചു. ബഹറിനിൽ ജോലി നോക്കുന്ന കാലത്ത് വിശുദ്ധനാടുകളിലും ഇറ്റലി, റോം, ഫ്രാൻസ്, തുടങ്ങിയ വിദേശരാജ്യങ്ങളും സന്ദർശി ച്ചിട്ടുണ്ട്. വിദേശത്തു ജോലിയിലിരിക്കവെ 1974 ഓഗസ്റ്റ് മാസം 25നു കുറലിലങ്ങാട് മറ്റത്തിൽ (നീലകാട്ട്) ചാക്കോച്ചന്റെ മകൻ ബേബി ജേക്കബ് വിവാഹം ചെയ്തു. 1986 ഡിസംബർ 2നു ബേബി ജേക്കബ് ഒരു വാഹനാപകടത്തെ തുടർന്ന് മരണമടഞ്ഞു. ചിന്നക്കുട്ടി ഇപ്പോൾ പാലാ കാർമ്മൽ ഹോമിൽ വിശ്രമജീവിതം നയിക്കുന്നു.

### 3. ഏലിയാമ്മ (ഏലമ്മ)

ഏലമ്മ എന്നു വിളിക്കുന്ന ഏലിയാമ്മ സ്കൂൾ വിദ്യാഭ്യാ സത്തിനുശേഷം അയർക്കുന്നം വലിയപടിഞ്ഞാറേതിൽ ജോസ ഫിന്റെ മകൻ പാപ്പച്ചൻ എന്നു വിളിക്കുന്ന കുര്യൻ വിവാഹം ചെയ്തു. അവരെ വലിയപറമ്പിൽ ദത്തു നിർത്തി. അവർ ഇപ്പോൾ പിതാവ് മത്തായി ആദ്യം താമസിച്ചിരുന്ന കളപ്പുരവെച്ചുമുകളിൽ താമസിക്കുന്നു. ഇരുവരും മക്കളും മൂശാരിയേട്ടു കുടുംബാംഗങ്ങ ളായി എല്ലാക്കാര്യങ്ങളിലും ബന്ധപ്പെട്ടുകഴിയുന്നു. കുര്യൻ ഏലി യാമ്മ ദമ്പതികൾക്ക് ഒരു പുത്രനും അഞ്ചു പുത്രിമാരും ഉണ്ട്



വലിയപറമ്പിൽ വി.ജെ. കുര്യനും ഭാര്യ ഏലമ്മയും

1 റിജിമോൾ 2 റൂബിമോൾ 3 റെനിമോൾ 4 റോബിൻ 5 റീനാമോൾ 6 റോഷിമോൾ

**1. റിജിമോൾ** - 09.01.1963 ൽ ജനിച്ചു. സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി 1987 ഫെബ്രുവരി 6-ാം തിയതി ചേർപ്പുങ്കൽ ചേലാമറ്റത്തിൽ ജോസഫിന്റെ പുത്രൻ ബേബി വിവാഹം കഴിച്ചു. ഇവർക്ക് ഒരു പുത്രനും ഒരു പുത്രിയുമുണ്ട്.

**2. റൂബിമോൾ** - 04.06.1964 ൽ ജനിച്ചു. പ്രീഡിഗ്രി വിദ്യാഭ്യാസത്തിനുശേഷം ആർപ്പൂക്കര വില്ലൂന്നിയിൽ തൈപ്പറമ്പിൽ മാത്യു മകൻ സണ്ണിയെ വിവാഹം ചെയ്തു. ഇവർക്ക് ഒരു പുത്രനും ഒരു പുത്രിയുമുണ്ട്.

**3 റെനിമോൾ** - 27.8.1966 ൽ ജനിച്ചു. നഴ്സിംഗ് പഠനത്തിന് ശേഷം ചങ്ങനാശ്ശേരി ശാന്തിപുരം മാമ്മൂടു പള്ളി ഇടവക വൈപ്പിൻമഠം ജോർജ്ജിന്റെ മകൻ തോമസ് വിവാഹം ചെയ്തു. അവർക്ക് ഒരു പുത്രിയുണ്ട്.

**4 റോബിൻ** - 18.3.1969 ൽ ജനിച്ചു. പ്രീഡിഗ്രിയും ITC യിൽ ഇലക്ട്രീഷ്യൻ ട്രേഡും പാസ്സായി. കൃഷിയും വീട്ടുകാര്യങ്ങളുമായി നടക്കുന്നു. 1997 സെപ്റ്റംബർ 15-ാം തീയതി അണക്കര ആക്കിലേട്ട് ജോസഫ് മകൾ ഷീലയെ വിവാഹം ചെയ്തു. റോബിൻ-ഷീലാ ദമ്പതികൾക്ക് 1 മകനും 1 മകളും ഉണ്ട്.



വലിയപറമ്പിൽ റോബിനും കുടുംബവും

1. റിലൻ 4.4.1999 ൽ ജനിച്ചു. സ്കൂൾ വിദ്യാഭ്യാസം നടത്തുന്നു.

2. റയൺ 23.2.2004ൽ ജനിച്ചു. സ്കൂൾ വിദ്യാഭ്യാസം നടത്തുന്നു.

**3. റീനാമോൾ** - 29.10.71ൽ ജനിച്ചു. ജനറൽ നഴ്സിംഗിനു ശേഷം ചക്കാമ്പുഴ ലൊറേത്തുമാതാ പള്ളി ഇടവക പാറയിൽ

ആഗസ്തി മകൻ ജിജോ 21.11.2004 വിവാഹം ചെയ്തു. ഇവർക്ക് രണ്ടു മക്കളുണ്ട്.

**4. റോഷിമോൾ –** 11.4.1974 ൽ ജനിച്ചു. ഡിഗ്രി വിദ്യാഭ്യാസത്തിനു ശേഷം തുരുത്തി യൂദാപുരം കാവിത്താഴെ കെ. എം. മാത്യു മകൻ ജോൺ മാത്യുവിനെ 31.3.2005 ൽ വിവാഹം ചെയ്തു. ഇവർക്ക് രണ്ടുമക്കളുണ്ട്.

### 4) ത്രേസ്യാ

വലിയപറമ്പിൽ മത്തായിയുടെ നാലാമത്തെ പുത്രിയായ ത്രേസ്യാ ബാല്യകാലത്തുതന്നെ മരിച്ചുപോയി.

### 5) ത്രേസ്യാ

വലിയപറമ്പിൽ മത്തായിയുടെ അഞ്ചാമത്തെ പുത്രിയായ ത്രേസ്യാ ബാല്യകാലത്തുതന്നെ മരിച്ചുപോയി.

### 6) ലീലാമ്മ (റോസമ്മ)

ലീലാമ്മ എന്നു വിളിക്കുന്ന റോസമ്മ സ്കൂൾവിദ്യാഭ്യാസം പൂർത്തിയാക്കി. മാന്നാനം കൊച്ചുപറമ്പിൽ ഫിലിപ്പിന്റെ മകൻ ജോയി വിവാഹം ചെയ്തു. ഇവർക്ക് രണ്ടു പുത്രന്മാരും ഒരു പുത്രിയുമുണ്ട്.

### 7) ഗ്രേസിക്കുട്ടി (ത്രേസ്യാമ്മ)

ഗ്രേസിക്കുട്ടി എന്നുവിളിക്കുന്ന ത്രേസ്യാമ്മ സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി. മറ്റക്കര പാറയ്ക്കൽ ജോസഫിന്റെ മകൻ കുര്യൻ വിവാഹം ചെയ്തു. ഇവർക്ക് രണ്ടു പുത്രിമാരും ഒരു പുത്രനുമുണ്ട്.



വലിയപറമ്പിൽ മത്തായിയുടെ ഭാര്യ മറിയാമ്മയും മക്കളും

## 8) അപ്പച്ചൻ (ജോർജ്ജുകുട്ടി)

വലിയപറമ്പിൽ മത്തായിയുടെ ആൺമക്കളിൽ മൂത്തവനായ അപ്പച്ചൻ എന്നു വിളിക്കുന്ന ജോർജ്ജുകുട്ടി 11.2.1953ൽ ജനിച്ചു. മാന്നാനം കെ. ഇ. കോളേജ്, പാലാ സെന്റ് തോമസ് കോളജ് എന്നിവിടങ്ങളിൽ പഠിച്ച് ബിരുദം നേടി. ബോംബെയിലും അതിനുശേഷം കുറെക്കാലം ബഹറിനിലും ജോലി നോക്കി. പിതാവ് രോഗശയ്യയിലായതിനെത്തുടർന്ന് നാട്ടിലേക്കു തിരിച്ചുപോന്നു. തുടർന്ന് HDC ക്കു പഠിച്ചു. ഇപ്പോൾ കൂടല്ലൂർകവലയിൽ സ്വന്തമായി സോമിൽ നടത്തുന്നു. 1986 -88 കാലഘട്ടത്തിൽ വെട്ടിമുകൾ സെന്റ് മേരിസ് പള്ളിയുടെ ട്രസ്റ്റിയായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. അതിനുശേഷം നാളിതുവരെ യോഗപ്രതിനിധിയായും പ്രവർത്തിച്ചുവരുന്നു. പള്ളി പാരീഷ് ഹാളിന്റെ നിർമ്മാണ കമ്മറ്റി മെമ്പറായും, വെട്ടിമുകൾ സെന്റ് പോൾസ് ഗേൾസ് ഹൈസ്കൂളിൽ പി.റ്റി.എ. പ്രസിഡന്റായും 1995-2008 കാലഘട്ടത്തിൽ വ്യാപാരി വ്യവസായി ഏകോപന സമിതി വെട്ടിമുകൾ യൂണിറ്റ് പ്രസിഡന്റായും ജില്ലാ എക്സിക്യൂട്ടീവ് മെമ്പറായും പ്രവർത്തിച്ചിട്ടുണ്ട്. ലയൺസ് ക്ലബ് ഓഫ് ഏറ്റുമാനൂർ റോയൽ ചാർട്ടർ പ്രസിഡന്റ്, ലയൺസ് ഡിസ്ട്രിക്ട് കാബിനറ്റ് ട്രഷറർ (2011-2012), ഇപ്പോൾ അഡ്വൈസർ ടു ഡിസ്ട്രിക്ട് കാബിനറ്റായും പ്രവർത്തിക്കുന്നു. 25.8.1985ൽ ചെങ്ങളം (കാഞ്ഞിരമറ്റം) മാളേക്കൽ ജോസഫിന്റെ മകൾഫിലോമിനയെ വിവാഹം ചെയ്തു. ഫിലോമിന M.Com ബിരുദധാരിണിയാണ്. അപ്പച്ചൻ ഫിലോമിനദമ്പതികൾക്ക് മൂന്നു പുത്രിമാരും രണ്ട് പുത്രന്മാരും ഉണ്ട്.



വലിയപറമ്പിൽ ജോർജ്ജുകുട്ടി മാത്യുവും (അപ്പച്ചൻ) കുടുംബവും

1. അനുമരിയ 2. അഞ്ചുട്രീസാ 3. അൽഫോൻസാ
4. മാത്യൂസ് 5. ജോസ്

**1. അനുമരിയ –** അനുമരിയ 5.7.1986 ൽ ജനിച്ചു. എം.എസ്.സി നഴ്സിംഗ് ബിരുദധാരിയാണ്. 2014 ജൂൺ 28 നു അനുവിനെ കൊല്ലം കുണ്ടറ ഹാലിഭവനിൽ ഹാരിസന്റെ മകൻ ഹാലി വിവാഹം ചെയ്തു.

**2. അഞ്ചു ട്രീസ –** അഞ്ചു ട്രീസ 22.1.1990 ൽ ജനിച്ചു. B.Tech ബിരുദധാരിയാണ്. ഇപ്പോൾ ബാംഗ്ലൂർ HCL കമ്പനിയിൽ സോഫ്റ്റ വെയർ എൻജിനീയർ ആയി ജോലിചെയ്യുന്നു.

**3. അൽഫോൻസാ –** അൽഫോൻസാ 1.9.1991 ൽ ജനിച്ചു. BSC നഴ്സിംഗ് ബിരുദധാരിയാണ്. ഇപ്പോൾ കാനഡയിൽ ഉന്നത വിദ്യാഭ്യാസം നടത്തുന്നു.

**4. മാത്യൂസ് –** മാത്യൂസ് 2.4.1995 ൽ ജനിച്ചു. B.Com മൂന്നാം വർഷം വിദ്യാഭ്യാസം നടത്തുന്നു.

**5. ജോസ് –** ജോസ് 15.9.1997 ൽ ജനിച്ചു. ഇപ്പോൾ ബി.കോം ഒന്നാം വർഷ വിദ്യാർത്ഥിയാണ്.

### 9) മേജമ്മ (മരിയ ഗൊരോത്തി)

മേജമ്മ എന്നുവിളിക്കുന്ന മരിയഗൊരോത്തിയെ സ്കൂൾ വിദ്യാഭ്യാസത്തിനുശേഷം അതിരമ്പുഴ കൊച്ചുപുരയ്ക്കൽ ഈപ്പന്റെ മകൻ ജയിംസ് ഈപ്പൻ വിവാഹം ചെയ്തു. ഇവർക്ക് രണ്ടു പുത്രന്മാരും ഒരു പുത്രിയുമുണ്ട്.

### 10) ബോസ് (സെബാസ്റ്റ്യൻ)

ബോസ് എന്നു വിളിക്കുന്ന സെബാസ്റ്റ്യൻ ബാല്യത്തിൽ തന്നെ മരിച്ചുപോയി. മേജമ്മയും ബോസും ഇരട്ടകളായിരുന്നു.

## 7) വർക്കി

വലിയപറമ്പിൽ വർഗ്ഗീസിന്റെ മക്കളിൽ ഏഴാമനായ വർക്കി 19.6.1944 ൽ വിദ്യാർത്ഥിയായിരുന്ന കാലഘട്ടത്തിൽ മരണമടഞ്ഞു.

## 8) അന്നമ്മ

വലിയപറമ്പിൽ വർഗ്ഗിസിന്റെ മക്കളിൽ എട്ടാമത്തവളായ അന്നമ്മ 1914 നവംബർ 4-ാം തീയതി ജനിച്ചു. പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കി. തെള്ളകം നടുത്തല തോമസ് വിവാഹം ചെയ്തു. ഇവർക്ക് നാല് പുത്രന്മാരും മൂന്നു പുത്രിമാരുമുണ്ട്. അന്നമ്മയുടെ ശതാബ്ദി 4-11-2014 ൽ തെള്ളകം പുഷ്പഗിരി പള്ളിയിൽ വച്ച് ആഘോഷമായി നടത്തി.

## 9) റോസമ്മ

വലിയപറമ്പിൽ വർഗ്ഗീസിന്റെ ഇളയമകളായ റോസമ്മ ബാല്യകാലത്തു തന്നെ മരണമടഞ്ഞു.